



# മമ്പറം എച്ച്. എസ്. എസ്



# ആമുഖം

നവമാധ്യമങ്ങൾ ശക്തിപ്പെടുന്ന വർത്തമാന കാലത്ത് ഡിജിറ്റൽ മാഗസിൻ എന്ന ആശയത്തിന് പ്രസക്തിയുണ്ട്. വായനമറിക്കുന്ന വർത്തമാന കാലത്ത് സർഗ്ഗാത്മകരചനകളോടുള്ള ആഭിമുഖ്യം വർധിക്കാൻ ഇത്തരം മാഗസിനുകൾക്ക് കഴിയും. അതോടൊപ്പം സർഗ്ഗാത്മകശേഷി പരിപോഷിപ്പിക്കാനും സാധിക്കും. കഥയും കവിതയും ചിത്രവും ഉൾക്കൊള്ളുന്ന ഈ ഡിജിറ്റൽ മാഗസിൻ അനുഭവിക്കാനും അയവിറക്കാനും കഴിയട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം ഇതിനെ രണ്ട് കൈയും നീട്ടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

*************

# ഡെവലപ്മെന്റ് ടീം

ചീഫ് എഡിറ്റർ - ഷാജകൃഷ്ണ

സ്റ്റാഫ് എഡിറ്റർ - സുനിൽ, ദീപ

സ്റ്റുഡന്റ് എഡിറ്റർ- സാരംഗ് സി, ശ്രീദേവ് കെ

ആർട്ടിസ്റ്റ് - ഹരിനന്ദൻ, അനഘ

ടൈപ്പർ - സൗഗന്ധ് ടി പി , ഭവ്യ എൻ

കവർചിത്ര നിർമ്മാണം - അനഘ

കവിതാ രചന – ആവണി കെ, അറഫ

കഥാ രചന – അതുൽ ബാബു,

ഡിസൈനർ - ആർദ്രിക ,നന്ദന

പത്രാധിപ സമിതി - അനുരാഗ്, ആർദ്രിക,
സൗഗന്ധ് , സാരംഗ്,
ശ്രീദേവ്, ഹരിനന്ദൻ,
നന്ദന, അനഘ, രമേശ്,
അതുൽ ബാബു, നിഹാര

## INDEX


ഉത്തമോദാഹരണം.................................32

ഇന്നത്തെ രാഷ്ട്രിയം.................................26

നീ എന്റെ സുഹൃത്താണെന്നും.................................27

ഇടവപ്പാതി കൺതുറന്നു.................................33

ഈറൻ സന്ധ്യയിൽ.................................17

ഒ. എൻ. വി കുറുപ്പ്.................................19

കാലംസാക്ഷി !.................................5

പരീക്ഷ.................................28

പോസ്റ്റർ.................................18, 24

ബസ്സിലെ സീറ്റ്.................................39

മിഠായി പൊതി.................................9

വർണ്ണങ്ങൾ.................................7

വസ്ത്രം.................................31

വൈക്കം മുഹമ്മദ് ബഷീർ.................................13

സുന്ദര.................................40

സുന്ദര സുരഭില കേരളം.................................40

# കാലംസാക്ഷി !

കാലംസാക്ഷി മാനവപുത്രൻെറ
യാത്ര നാശത്തിലേക്ക്.....!
ജനനത്രിയെ ഇഞ്ചിഞ്ചായി
ഹിംസിച്ച കൊണ്ടുള്ളവൻെറ
സുഖനിദ്രയ്ക്ക് വിരാമംകുറിക്കു-
ന്നചിലയടയാളങ്ങളായെത്തു
അവളുടെ പ്രിയകമിതാവ്
നിൻ വേണ്ടുകയറിഞ്ഞ്
നിൻ കരങ്ങളിൽ വിഭവ-
സമൃദ്ധി നൽകിയ ജനനിയെ
നീയെന്തിനു ഹിംസിക്കണം.
ഭംഗിയാർന്നകുടകൾ മുറിച്ചുമാറ്റി
ആഭരണങ്ങൾവലിച്ചെറിഞ്ഞ്
ഉടയാട വലിച്ചഴിച്ച്
സ്തനങ്ങൾ വെട്ടി നികത്തി
എന്തിനു ജനനിയെ മാനഭംഗ-
പ്പെടുത്തി കൊല്ലുന്നു ?
ഇതുകണ്ട് കണ്ണീർ തൂകുന്ന അവ-

ളുടെ കാമുകൻ നിന്നെനോട്ടമിട്ടു.


ഹേ മാനവ ! നിൻെറ യാത്ര

നഷ്ടത്തിലേക്ക്.........തീർച്ച !.



************

# വർണ്ണങ്ങൾ






## മിഠായി പൊതി

കിളികളുടെ കലപിലശബ്ദം. കുട്ടൻ കിടക്ക വിട്ടെഴുന്നേറ്റു. വെയിൽനാളം ജനലിലൂടെ അരിച്ചിറങ്ങുന്നതേയുള്ളൂ. കുട്ടൻ നേരെ അടുക്കളിയിലേക്കു ചെന്നു അമ്മ ഭക്ഷണം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സാധാരണ കുലുക്കി വിളിച്ചാണ് അമ്മ അവനെ ഉണർത്താറ് പക്ഷെ ഇന്നിങ്ങനെ കണ്ടപ്പോൾ അതു സ്വല്പം അമ്പരന്നു. അവൻ ഭക്ഷണം കഴിച്ച് അമ്മയോടൊന്നും മിണ്ടാതെ നേരെ പുറത്തേക്കിറങ്ങി തൊടിയിലേക്ക് നടന്നു. എന്തോ അവനിന്ന് പതിവിലേറെ ഉല്ലാസവാനാണ്. തൊടിയിലെ ഓരോ പൂവുകളും കാര്യമറിയാതെ മിഴിച്ചുനിന്നു. മൂവാണ്ടൻ മാവിലിരിക്കുന്ന കുയിലമ്മയാണ് കാര്യം പറഞ്ഞത്. നാളെ അവന്റെ പിറന്നാളാണ്. അതുകേട്ട് പൂവുകളെല്ലാം പുഞ്ചിരിച്ചു. കുട്ടൻ അവരുടെയെല്ലാം കൂട്ടുകാരനാണ്. സ്കൂൾ വേനലവധിക്കു പൂട്ടിയതിനാൽ അവൻ അധിക സമയവും

തൊടിയിലാണ് ചെലവഴിക്കുന്നത്. അത്തിമരത്തിന്റെ ചൊട്ടിലിരുന്ന് തന്റെ പിറന്നാൾ സമ്മാനത്തെ കുറിച്ചാലോചിച്ചു. എന്തുപറയും? വലുതൊന്നും വേണ്ട. അത് അച്ഛനെ ബുദ്ധിമുട്ടിക്കും. കുറേനേരം അവൻ അവന്റെ സമ്മാനത്തെ കുറിച്ചാലോചിച്ചു. മിഠായി! അതെ മിഠായി മതി.





സ്വർണ്ണ വർണ്ണക്കടലാസിൽപ്പൊതിഞ്ഞ മിഠായി. അങ്ങനെ അവൻ ഒരു തീരുമാനത്തിലെത്തി. പെട്ടെന്നാണ് അവൻ സമയത്തെ കുറിച്ചോർത്തത്. സൂര്യൻ തന്റെ തലയ്ക്കുമുകളിൽ എത്തിച്ചേർന്നു.

വിശപ്പിന്റെ വിളിയുമുണ്ട്. അവൻ വീട്ടിലേക്കു നടന്നു. അമ്മ അവനെ കാത്തിരിക്കുകയാണ്. അമ്മയും അവനും ഒരുമിച്ചുണ്ടു. കുറച്ചു സമയം പുസ്തകം വായിച്ചു സാധനങ്ങൾ വാങ്ങാൻ അമ്മ പീടികയിലേക്ക് അയച്ചപ്പോഴും അവന്റെ മനസ്സിൽ തന്റെ പിറന്നാൾ സമ്മാനം തന്നെയായിരുന്നു. സാധനങ്ങൾ വാങ്ങി അവൻ തിരിച്ചു വീട്ടിലെത്തി.നേരം വൈകിയിരുന്നു. അച്ഛൻ വന്നിട്ടുണ്ട്. അവൻ അകത്തുകയറി. അച്ഛൻ എന്തോ ചെയ്യുകയാണ്. അവൻ നേരെ അടുക്കളയിൽ ചെന്ന് സാധനങ്ങൾ കൊടുത്ത് ഭക്ഷണം കഴിക്കാതെ കിടന്നുറങ്ങി. പ്രഭാത രശ്മികൾ ജനലിലൂടെ അരിച്ചിറങ്ങി അവർ കിടക്കയിൽ കുട്ടനെ പരതി പക്ഷേ അവനെവിടെപ്പോയി ഓരോ കാരണങ്ങളും തമ്മിൽ ചോദിച്ചു. അപ്പോൾ മുറ്റത്തുടെ കടന്നുപോയ കാറ്റ് അവരെ അറിയിച്ചു. കുട്ടൻ മുറ്റത്ത് അച്ഛന്റെ കൂടെയുണ്ട്. അവൻ തന്റെ പിറന്നാൾ സമ്മാനത്തെപ്പറ്റി അച്ഛനോട് പറയുകയാണ്.

അച്ഛൻ ഇന്ന് അവധിയെടുത്തിരിക്കുകയാണ്.

ഇന്ന് മുഴുവൻ കുട്ടന്റെ കൂടെ ചെലവഴിക്കാമെന്ന് അച്ഛൻ പറഞ്ഞിരുന്നു. മിഠായിക്കായി അച്ഛൻ ചന്തയിലേക്കുപോയി. അച്ഛൻ തിരിച്ചു വന്നിട്ടുവേണം അവർക്കൊരുമിച്ച് അമ്പലത്തിൽ പോകാൻ.

കുട്ടൻ കാത്തിരിക്കുകയാണ്. അച്ഛൻ എന്തേ ഇതുവരെ വന്നില്ല? അവന്റെ മുഖം മ്ലാനമായി. അവൻ നേരെ ചന്തയിലേക്കുപോയി. അവിടെയതായൊരാൾക്കൂട്ടം. അവൻ അങ്ങോട്ടേക്കു നടന്നു. ചോരയിൽക്കുളിച്ചൊരു മനുഷ്യൻ കിടക്കുകയാണ്. ആ ശരീരത്തിനു ചുറ്റും സ്വർണ്ണവർണ്ണപ്പൊതിയുള്ള മിഠായികൾ ചിതറിക്കിടക്കുന്നു. അവന്റെ കണ്ണിൽനിന്ന് കണ്ണുനീർ ധാരയായൊഴുകി. ആരോ പറഞ്ഞു, മരിച്ചിരിക്കുന്നു. അവൻ നേരെ വീട്ടിലേക്കോടി ഒന്നും മിണ്ടാതെ അവൻ കിടക്കയിലേക്ക് മുഖം താഴ്ത്തി...



# വൈക്കം മുഹമ്മദ് ബഷീർ

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം: 21 ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കം - മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982-ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.

1908 ജനുവരി 21 ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട) തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക

വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും.

രസകരവും സാഹസികവുമാണ് ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത്(5-ആം ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്നു കള്ളവണ്ടി കയറി കോഴിക്കോട്ടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930-ൽ കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീട് കണ്ടുകെട്ടി.

തുടർന്ന് കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും - തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാള സാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റലിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

പദ്മനാഭ പൈ പത്രാധിപരായിരുന്ന

"ജയകേസരി"യിൽ പ്രസിദ്ധീകരിച്ച തങ്കം ആണ് ആദ്യം പ്രസിധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും, കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും, ചട്ടുകാലും , കോങ്കണ്ണും, കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.


# ഈറൻ സന്ധ്യയിൽ


നനഞ്ഞ സന്ധ്യയിൽ, നന-
ഞ്ഞ് വിറച്ച് ഞാനും ഭൂമിയും
ഇടിയും മിന്നലും മാരുതനും
മഴയും ഏറെ കൂടുതൽ.
കിളികൾ പാറിപ്പറന്നു.
മൃഗങ്ങൾ  ഓടിയകയുന്നു.
ഞാൻ തനിച്ച് ഏകനായി.
ആശ്വസിപ്പിക്കാനോ എൻ
ദുഃഖത്തിൽ പങ്കുചേരാനോ
സഹപാടികളോ കൂട്ടുകാരോയില്ല.
മഴയൽപ്പം അടങ്ങിയിരിക്കേ
തെളിമാനം മഴവില്ലൻ സൗന്ദര്യത്തിൽ.
ഞാനും ഭൂമിയും നനഞ്ഞ്-
വിറച്ച് , എത്ര ദുഃഖകരമായ
നിമിഗങ്ങൾ അപ്പോഴതാ
ജന്തു ജീവികളുടെയും കിളികളുടെയും
അപശബ്ദങ്ങൾ ഞാൻ കേട്ടു.
മഴ എങ്ങുമേ മാഞ്ഞുപ്പോയി.....

# പോസ്റ്റർ


SAVE WATER


SAVE WATER


NO
Water
Life


Save every drop !
Our World Depends On It


Save Water


SAVE WATER



# ഒ.എൻ.വി കുറുപ്പ്

മലയാളത്തിലെ പ്രശസ്ത കവിയാണ് ഒ.എൻ.വി കുറുപ്പ് (ജനനം:27 മെയ് 1931, മരണം: 13 ഫെബ്രുവരി 2016). ഒ.എൻ.വി. എന്ന ചുരുക്കപേരിലും അറിയപ്പെടുന്നു. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണ് പൂർണ്ണനാമം. 1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അക്കാദമി അംഗമായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി വഹിച്ചിട്ടുണ്ട്. സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010-ൽ ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ പത്മശ്രീ (1998), പത്മവിഭൂഷൺ (2011) ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും അദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. 2016 ഫെബ്രുവരി 13 ന് തിരുവനന്തപുരത്ത് അന്തരിച്ചു.

**ജീവിതരേഖ**

കൊല്ലം ജില്ലയിലെ ചവറയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ. എൻ. കൃഷ്ണകുറുപ്പിന്റെയും കെ. ലക്ഷ്മിക്കുട്ടി അമ്മയുടേയും പുത്രനായി 1931 മേയ് 27 ജനിച്ചു. ഈ ദമ്പതികളുടെ മൂന്നുമക്കളിൽ ഇളയമകനാണ് ഒ.എൻ.വി. എട്ടു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. പരമേശ്വരൻ എന്നായിരുന്നു ആദ്യത്തെ പേര്. അപ്പു ഓമനപ്പേരും. സ്കൂളിൽ ചേർത്തപ്പോൾ മുത്തച്ഛനായ തേവാടി വേലുക്കുറുപ്പിന്റെ പേരാണ് നൽകിയത്. അങ്ങനെ അച്ഛന്റെ ഇൻഷ്യലും മുത്തച്ഛന്റെ പേരും ചേർന്ന് പരമേശ്വരൻ എന്ന അപ്പു സ്കൂളിൽ ഒ.എൻ.വേലുക്കുറുപ്പും സഹൃദയർക്ക് പ്രിയങ്കരനായ ഒ.എൻ.വി.യുമായി. പ്രാഥമിക വിദ്യാഭ്യാസം കൊല്ലത്ത്. ശങ്കരമംഗലം ഹൈസ്കൂളിൽ തുടർ വിദ്യാഭ്യാസം.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1948-ൽ ഇൻററർമീഡിയറ്റ് പാസ്സായ ഒ.എൻ.വി കൊല്ലം എസ്.എൻ.കോളേജിൽ ബിരുദപഠനത്തിനായി ചേർന്നു. 1952-ൽ

സാമ്പത്തികശാസ്ത്രത്തിൽ ബിരുദമെടുത്തു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1955-ൽ മലയാളത്തിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി.

1989-ൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇടതു സ്വതന്ത്രനായി തിരുവനന്തപുരം മണ്ഡലത്തിൽ നിന്നും മത്സരിച്ചെങ്കിലും പരാജയപ്പെട്ടു.

**ഔദ്യോഗിക ജീവിതം**

1957 മുതൽ എറണാകുളം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായി. 1958 മുതൽ 25 വർഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും കോഴിക്കോട് ആർട്സ് ആൻഡ് സയൻസ് കോളേജിലും തലശ്ശേരി ഗവ: ബ്രണ്ണൻ കോളേജിലും തിരുവനന്തപുരം ഗവ: വിമൻസ് കോളേജിലും മലയാളവിഭാഗം തലവനായി സേവനം അനുഷ്ഠിച്ചു. 1986 മേയ് 31-ന ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചെങ്കിലും പിന്നീട് ഒരു വർഷക്കാലം കോഴിക്കോട് സർവ്വകലാശാലയിൽ വിസിറ്റിങ്

പ്രൊഫസർ ആയിരുന്നു. കുട്ടികളുടെ ദ്വൈവാരികയായ തത്തമ്മയുടെ മുഖ്യ പത്രാധിപരായിരുന്നു.

കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം , കേരള സാഹിത്യ അക്കാദമി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു . ഇന്ത്യൻ പ്രോഗ്രസ്സീവ് റൈറ്റേഴ്സ് ദേശീയ അധ്യക്ഷനായും സേവനമനുഷ്ഠിച്ചിട്ടുണ്ട് . യു.കെ., കിഴക്കൻ യൂറോപ്പ് , യുഗോസ്ളോവ്യ , സോവിയറ്റ് യൂണിയൻ, അമേരിക്ക, ജർമ്മനി, സിംഗപ്പൂർ , മാസിഡോണിയ, ഗൾഫ് രാജ്യങ്ങൾ എന്നീ വിദേശ രാജ്യങ്ങളിൽ ഒ.എൻ.വി. സന്ദർശനം നടത്തിയിട്ടുണ്ട് .

കാവ്യജീവിതം

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കവിതാരചന തുടങ്ങിയ ഒ.എൻ.വി തന്റെ ആദ്യ കവിതയായ മുന്നോട്ട് എഴുതുന്നത് പതിനഞ്ചാം വയസ്സിലാണ്. 1949-ൽ പുറത്തിറങ്ങിയ പൊരുതുന്ന സൗന്ദര്യം ആണ് ആദ്യത്തെ കവിതാ

സമാഹാരം. ആദ്യം ബാലമുരളി എന്ന പേരിൽ പാട്ടെഴുത്തുടങ്ങിയതെങ്കിലും ഗുരുവായൂരപ്പൻ എന്ന ചലച്ചിത്രം മുതലാണ് ഒ.എൻ.വി എന്ന പേരിൽത്തന്നെ ഗാനങ്ങൾ എഴുതിയത്. ആറു പതിറ്റാണ്ടു ദൈർഘ്യമുള്ള സാഹിത്യജീവിതത്തിൽ നിരവധി പുരസ്കാരങ്ങൾ ഇദ്ദേഹത്തെ തേടി എത്തിയിട്ടുണ്ട്

**********

# പോസ്റ്റർ






# ഇന്നത്തെ രാഷ്ട്രിയം

എന്താണ രാഷ്ട്രീയം?
ഇന്നെന്താണ രാഷ്ട്രീയം?
കൊന്നും കൊലവിളിച്ചും
ഐക്യമില്ലാതെ കഴിയുന്ന
ആയുധ കച്ചവടക്കാരും
പണകൊതിയന്മാരുമാണ്
ഇന്നീ രാഷ്ട്രീയത്തിൽ.
രാഷ്ട്രീയ ക്രൂരതയ്ക്ക്
നിരപരാധികൾ ഇന്ന്
തേങ്ങുന്ന  പൊട്ടിക്കരയുന്ന
ഏവരും ഈ ക്രൂരതയ്ക്ക്
മുട്ടു മടക്കേണ്ടി വന്നു.
ആയുധവും ക്രൂരതയും
നിറഞ്ഞാടുന്ന രാഷ്ട്രീയം
ഇതാണ് ഇന്നത്തെ രാഷ്ട്രീയം!

# നീ എന്റെ സുഹൃത്താണെന്നും

അന്നുഞാൻ കണ്ടു മിഴികളിൽ
സൗഹൃദത്തിൻ കിരണങ്ങളെന്നറിഞ്ഞില്ല ഞാൻ
ഞാൻ കേട്ട ശബ്ദമിടറിയത്
എന്തുകൊണ്ടാണെന്നോർത്തില്ല ഞാൻ
ചുണ്ടുകൾ പറയാൻ മടിച്ചത്
നീയെന്റെ കൂട്ടുകാരിയാണെനാനായിരുന്നോ?
വിതുമ്പിക്കരഞ്ഞു തളർന്ന നീ
എന്റെ സൗഹൃദം
സ്നേഹിച്ചിരുന്നതുകൊണ്ടായിരുന്നോ?
ഞാനറിഞ്ഞില്ല നിൻ സൗഹൃദം
ഞാനോർത്തില്ല നിൻ സങ്കടം
നീ എന്നെ സ്നേഹിച്ചിരുന്നെന്നറിഞ്ഞില്ല ഞാൻ
നീ എൻ സൗഹൃദം മോഹിച്ചിരുന്നതും
ഞാനറിഞ്ഞില്ല
എന്നാൽ ഇന്ന് ഞാൻ സന്തോഷിക്കുന്നു,
എന്തെന്നാൽ ഞാനും നീയും ഇന്ന്....
കൂട്ടുകാരികളാണെന്നോർത്തിടുമ്പോൾ
നന്ദിയുണ്ടെന്തിനെന്നാൽ,
നീയെൻ സുഹൃത്തുയെന്നും കൂടെയുള്ളതിന്.

# പരീക്ഷ

പരീക്ഷയുടെ ഉദ്ദേശം പരീക്ഷണം
എന്നാൽ അതെഴുതുന്ന
കുട്ടികൾക്കുള്ളിൽ ക്രൂരത
വിദ്യാർത്ഥികളെയിന്നു പരീ
ക്ഷിക്കുന്ന പരീക്ഷ, മറിച്ച്
ക്രൂരത കാട്ടുകയല്ല.
പരീക്ഷയിൽ നമിക്കാത്ത
വിശ്വാസവും ഇൾധൈര്യവും
കരുത്തുറ്റ ആയുധം
അതില്ലാത്ത പരീക്ഷ ക്രൂ-
രത, നമ്മളെ പഠിപ്പിച്ച
അധ്യാപപരോട് ചെയ്യുന്ന
ക്രൂരത കൊടും ക്രൂരത.







# വസ്ത്രം

തെരുവിൻ വീഥിയിലൂടെ
പതിയെ നടന്നു നീങ്ങുകയാണു ഞാൻ
മിഴികളിൽ കാണുന്നിതാ
അവിടൊരു തുണിപ്പീടിക
പുറത്തുണ്ട് ഉടുപ്പിടിയിച്ച്
ഭംഗിയായ ഒരുവൻ.
അവൻത തലയിലുണ്ട്
പലവർണ്ണമാം തൊപ്പി,
മെയ്യിൽ പുത്തനാം പാന്റും ഷർട്ടും
പാദത്തിൻ ഷൂസുകളും
അമ്പരന്നു നോക്കി ചൊല്ലീടുന്നു ഞാൻ,
“ജീവനില്ലാത്ത നിനക്കിന്നു
ധരിക്കാനെല്ലാമുണ്ട്.
എന്നാൽ....
ജീവനുള്ളഅള എനിക്കിന്നുടുക്കാൻ
വസ്ത്രമില്ലാ”
***************

# ഉത്തമോദാഹരണം


ഏകാന്തതയിലാഴ്ന്നാലും
നിന്നെ കണ്ടാലൊരു സുഖം
മനസ്സിന്.......നീയൊന്നു
നിശ്ചലമായാൽ മതി
കാലചക്രം എനിക്കറിയാൻ
വിശ്രമം........!
വാച്ചേ...,നിൻ ഹൃദയം
നിശ്ചലമായാലും ലോകർ-
ക്കുനീ ഒരുനേരംമിരുനേരം
ശരിയെ കാഴ്ചവെക്കുന്നു.
തിന്മയാർജിച്ച മനസ്സിന്നുട-
മകൾക്കു നീതന്നെ ഒരു
ഉത്തമോദാഹരണം.

*****************

# ഇടവപ്പാതി കൺതുറന്നു

ഇടവപ്പാതി കൺതുറന്നു
മഴത്തുള്ളിക്കും തുള്ളിവന്നല്ലോ
ഭീമസേനയുടെ ഭാരമുള്ള തോൾ
സഞ്ചിയും, ഒറ്റക്കാലിൻ കുടയും
പേറി, ആദ്യാക്ഷരം നുകരാൻ
കുരുന്നുകൾ വിദ്യാലയ മുറ്റത്തെത്തി
ഓരോ തുള്ളിഭ്രമിയിൽ പതിക്കുംപോലെ
ഓരോ അക്ഷരവും കുരുന്നു മനസ്സിൽ
പതിച്ചു, ഏത് വൃദ്ധന്റേയും മന-
സ്സിൽ ഒരു മായ കാലമുണ്ടാവും
അതാണ് ഇടവപ്പാതിയിലെ
സ്കൂൾ ജീവിതം.....







സിംപതറ്റിക്-പാരാസിംപതറ്റിക് വ്യവസ്ഥകളുടെ പ്രവർത്തനം

---

*****

ചിത്രം നിരീക്ഷിച്ച് സിംപതെറ്റിക് വ്യവസ്ഥയുടെ പ്രവർത്തനത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക



# ബസ്സിലെ സീറ്റ്

നാൽപതോ അമ്പതോ അല്ല,
എൺപതിനുംമേലെ വയസ്സിയാണവൾ.
കാറ്റിൽപറക്കുന്നവൾതൻ നരച്ചതാം കേശം,
വിറയ്ക്കുന്നുണ്ടാ കൈകാലുകളും മെയ്യും.
മുറുകെ പിടിച്ചിരിക്കയാണവളി-
ന്നാ ബസ്സിലെ കമ്പിയിൽ.
ഏന്തിപ്പിടിക്കാനെത്താത്തതി-
നാലവരാ ചെറിയകമ്പിയിൽ മുറുക്കുന്നു കരങ്ങൾ.
സീറ്റുണ്ട് പുറകിലെന്നാലുമേന്തിവലി-
ഞ്ഞ് പുറകിലെത്തുവാൻ ത്രാണിയില്ലേലെന്തു
ചെയ്യും!
നോക്കുന്നില്ലാ ആരുമാ വൃദ്ധയെ
ശ്രദ്ധയിന്നു തിരിക്കുന്നു സർവ്വരും
ആടിയുലയുന്നുണ്ടവളിന്ന് ഓരോ
ബ്രേക്കുപിടിച്ചിടുമ്പോഴും
കൂനമുണ്ടാ മുതുകിൽ മാത്രമല്ല,
കൈയ്യിൽ വലിയ സഞ്ചിയുമുണ്ട്.
ഇവിടെയിരുന്നോളുവെന്നോതി
എഴുന്നേറ്റു കൊടുക്കുവാൻ തയ്യാറല്ലാരുമിന്ന്
ഓർത്തിടൂ വൃദ്ധയെങ്കിലും അവളൊരമ്മയാണ്.

# സുന്ദര സുരഭില കേരളം

സുന്ദരം സുന്ദരം മമ കേരളം
സുശലം സംസ്കൃതി കേരളം
വയലോ ഉടയാട ആറുകളാഭരണം
സലിലസമൃദ്ധി കേരളത്തിൻ
സാഗരമാം അമ്മയിൽ കാൽവെച്ച്
സാഹ്യനാം അച്ഛനിൽ തലചായിച്ചു-
റങ്ങുന്ന സൗഗ്യ കേരളം
മലയാളമാം മലനാട്ടിൻഭാഷ
മധുരംതുളുമ്പുന്ന ഭാഗ്യഭാഷ
മലനാടും ഇടനാടും തീരവും
നിലനില്ക്കും കേരളത്തിൽ
കേരവൃക്ഷങ്ങൾ നിറഞ്ഞാടുന്നു

# സ്വതന്ത്ര ഭൂമി.

സ്വതന്ത്ര ഭാരതത്തിൽ
ജീവിക്കാൻ എന്ത് പുണ്യം
ചെയ്തു നമ്മൾ........
എന്തുത്യാഗംചെയ്തു.....
സ്വതന്ത്ര ഭാരതത്തിനായി
ത്യാഗം ചെയ്തവരൊട്ടേറെ
സ്വതന്ത്രഭാരതഭൂമിക്കായ്
ഉദിച്ചുയർന്ന സേനാനികൾ
ആധിപത്യത്തിൽനിന്ന്
ജനാധിപത്യത്തിലേക്കുയർന്നു.
ജനനീ മാതൃഭൂമി എന്നു
ജയിക്കും സുന്ദരഭൂമി



